Bio DIVA

Briefing Note 2, 2013

## മാറ്റങ്ങളെ ഉൾക്കൊള്ളുവാനോ, ചെറുക്കുവാനോ ഉള്ള കഴിവ്

# വയനാട്ടിലെ ആദിവാസി വിഭാഗങ്ങൾക്കിടയിലെ പഠനനിഗമനങ്ങൾ



ഘടനാപരമായ അസ്വസ്ഥതകളിൽ നിന്നോ ശിഥിലീകരണത്തിൽ നിന്നോ ഉളവായ പ്രായോഗികമായ ബുദ്ധിമുട്ടുകളെ ചെറുത്തുനിന്നുകൊണ്ട് അല്ലെങ്കിൽ ഉൾക്കൊണ്ട് കൊണ്ട് പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനുള്ള അല്ലെങ്കിൽ ചലനാവസ്ഥ തുടർന്നുകൊണ്ട് പോകുന്നതിനുള്ള ഏതൊരു വ്യവസ്ഥയുടെയും കഴിവാണ് 'റിസീലിയൻസ്' (Resilience) എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്.

സാമൂഹ്യ പാരിസ്ഥിതിക മാറ്റങ്ങളോട് വയനാട്ടിലെ മൂന്ന് ആദിവാസി വിഭാഗങ്ങളായ പണിയർ, കുറുമർ, കുറിച്ച്യർ എന്നിവരുടെ പ്രകൃത്യാലുള്ള പ്രതികരണമാണിവിടെ പഠനവിഷയമായിരിക്കുന്നത്. കൃഷിക്കാർ, കർഷക തൊഴിലാളികൾ, കൈതൊഴിലുകാർ, വേട്ടായടി ഉപജീവനം നയിക്കുന്നവർ എന്നിങ്ങനെ തരംതിരിക്കപ്പെടാവുന്ന ഇരുപ തോളം ആദിവാസി വിഭാഗങ്ങൾ അധിവസിക്കുന്ന വയനാട് ജില്ല, ആദിവാസി ജനസംഖ്യയിൽ സംസ്ഥാനത്ത് ഒന്നാമതാണ്. സാമൂഹിക – പാരിസ്ഥിതിക മാറ്റങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് വയനാട്ടിൽ കഴിഞ്ഞ കുറേ വർഷങ്ങളായി സംഭവിച്ച് കൊണ്ടിരിക്കുന്ന ഭൂവിനിയോഗ ക്രമത്തിലുള്ള, പ്രത്യേകിച്ചും നെൽ വയലുകളുടെ ഉപയോഗത്തിലുള്ള മാറ്റങ്ങളാണ്.

## പാരമ്പര്യം : മാറുന്ന കാലഘട്ടത്തിൽ

വയനാട്ടിലെ ഭൂവിനിയോഗ ക്രമത്തിലുണ്ടായ മാറ്റങ്ങൾ നിരവധിയാണ്. ഭക്ഷ്യവിളയായ നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞ് നാണ്യ വിളയായ വാഴ, ഇഞ്ചി എന്നിവയുടെ കൃഷി വ്യാപകമായി. നെൽകൃഷിയിൽ തന്നെ പരമ്പരാഗത വിത്തിനങ്ങൾ അത്യുൽപ്പാദന ശേഷിയുള്ളവക്കായി വഴിമാറി. വർധിച്ച വിനോദസഞ്ചാര, റിയൽ എസ്റ്റേറ്റ് പ്രവണതകളും ഭൂമിയുടെ ആകർഷണീയത കൂട്ടി, വില വർദ്ധിപ്പിച്ച് വിനിയോഗക്രമം അസന്തുലിതമാക്കി. പ്രാഥമികാവശ്യങ്ങൾക്കായി കഷ്ടതയനുഭവിക്കുന്നവരും; വിദ്യാഭ്യാസം ആരോഗ്യം എന്നിവയിൽ പിന്നോക്കം നിൽക്കുന്നവരുമായ ആദിവാസി വിഭാഗങ്ങളെ ഈ മാറ്റങ്ങൾ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. കൃഷിയിൽ നിന്നുള്ള ചുവട്മാറ്റം പാരമ്പര്യ/പ്രായോഗിക അറിവിടങ്ങളെ ഇല്ലാതാക്കി. ഭൂമിയിലുള്ള കൈവശാവകാശം നിർണയിക്കപ്പെടുന്നത് കുടുംബബന്ധങ്ങളിലധിഷ്ഠിതമായ ചട്ടക്കൂടിലാണെന്നിരിക്കെ, കുടുംബഘടനയിലുണ്ടായ മാറ്റങ്ങൾ പല തൊഴിൽ മേഖലകളെയും സാരമായി ബാധിച്ചു. ഈ അവസ്ഥകളെല്ലാം തന്നെ തദ്ദേശീയരുടെ ജീവിതത്തെ ബാധിക്കുകയും മാറുന്ന സാഹചര്യങ്ങൾക്കിണങ്ങി ജീവിക്കുവാനുള്ള പൊരുതലുകൾക്ക് ആക്കം കൂട്ടുകയും ചെയ്തു.

## TOPICS

- Adivasi and indigenous communities
- Social-ecological resilience

# സാമൂഹ്യ-പാരിസ്ഥിതിക ബന്ധങ്ങളുടെ വിശകലനം

‘മാറുന്ന സാമൂഹ്യ പാരിസ്ഥിതിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാൻ, ഇണങ്ങിച്ചേരാൻ വയനാട്ടിലെ തദ്ദേശീയരായ ആദിവാസികൾക്കാവുന്നുണ്ടോ?‘ എന്നതായിരുന്നു പഠനവിഷയം. ഭൂസ്വത്ത് അവകാശമുള്ള കുറിച്യർ, കുറുമർ ; ഭൂസ്വത്തുക്കൾ കൈവശമില്ലാത്ത പണിയർ എന്നിവരെ കേന്ദ്രീകരിച്ചായിരുന്നു പഠനം നടന്നത്. രണ്ട് വീക്ഷണ കോണുകളിലൂടെയാണ് ഭൂവിനിയോഗ മാറ്റത്തെ മനസ്സിലാക്കുവാൻ ശ്രമിച്ചത്. ഒന്നാമതായി ഭൂമി കൈവശമുള്ളവരും ഉപയോഗിക്കുന്നവരും കാർഷിക ആവാസവ്യവസ്ഥയെ എങ്ങനെ വിവക്ഷിക്കുന്നുവെന്നും രണ്ടാമതായി അവിടുത്തെ സാമൂഹ്യ ബന്ധങ്ങളിലുണ്ടാകുന്ന വ്യതിയാനങ്ങളും.

വിവിധ വിഷയങ്ങളിലുള്ള, വിവിധ വീക്ഷണകോണുകളിലൂടെയുള്ള പഠനമാകുമ്പോൾ വിവരങ്ങളുടെ സമന്വയം ഒരു അവിഭാജ്യഘടകമാണ്. ഇതിലേക്കായി ചിലപ്പോൾ പുതിയ സമ്പ്രദായങ്ങളും പൊതുഭാഷയും രൂപപ്പെടുത്തേണ്ടതുമുണ്ട്. ഈ പഠനത്തിലെ പ്രധാന അപഗ്രഥനമാർഗ്ഗമായ സാമൂഹ്യ-പാരിസ്ഥിതിക ശൃഖല (Social – Ecological web) രൂപപ്പെടുത്തിയിരിക്കുന്നത് പരിസ്ഥിതി ശാസ്ത്രത്തിലെ ഭക്ഷ്യശൃഖല (Food web) ആധാരമാക്കിയാണ്. ഭക്ഷ്യ ശൃഖലയിൽ ഒരു ആവാസവ്യവസ്ഥയിലെ വിവിധ ഘടകങ്ങൾ ഏങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നത് പോലെ തന്നെ വയനാട്ടിലെ കാർഷിക ആവാസവ്യവസ്ഥയിൽ പാരിസ്ഥിതിക - സാമൂഹ്യ ഘടകങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന അപഗ്രഥനമാണ് നടത്തിയത്.

പരിസ്ഥിതി, കൃഷി, സാമൂഹ്യഘടന എന്നിവയാണ് വയനാടിന്റെ സുസ്ഥിരതയുടെ നെടും തൂണുകൾ.  കാട്, സസ്യ-ജന്തുജാലങ്ങൾ, ജല ചംക്രമണം എന്നിവയാണ് പാരിസ്ഥിക ഘടകങ്ങൾ; തൊഴിൽ,കമ്പോളം, വരുമാനം എന്നിവ സാമൂഹ്യ ഘടകങ്ങളും. പാരിസ്ഥിതിക ഘടകങ്ങൾ ആവാസവ്യവസ്ഥക്ക് ഉള്ളിലുള്ളവയാണ് (Internal factors).
എന്നാൽ സാമൂഹ്യഘടകങ്ങൾ ആവാസവ്യവസ്ഥക്ക് പുറത്ത് നിന്നും അതിനെ സ്വാധീനിക്കുന്നവ (External factors) യാണ്. ഇവകൂടാതെ കുടുംബഘടനയും(Family structure) ലിംഗ പദവി ബന്ധങ്ങളും (Gender relations) വ്യവസ്ഥയുടെ ഉള്ളിൽ നിന്നുതന്നെ അവയെ സ്വാധീനിക്കുന്നു. മാറുന്ന സാഹചര്യങ്ങളോടിണങ്ങി ജീവിക്കുവാനായുള്ള ഒരു ജനതയുടെ കഴിവിനെ അപഗ്രഥിക്കാൻ മേൽ പറഞ്ഞ എല്ലാ ഘടകങ്ങളുടെയും വിശദമായ വിവരങ്ങൾ ആവശ്യമാണ്.

കുറിച്യരും കുറുമരും  ജീവിതവ്യവസ്ഥ നിലനിർത്തുവാൻ പുറത്ത് നിന്നുള്ള ഘടകങ്ങളെ (External factors) വളരെ കുറച്ച് ആശ്രയിക്കുമ്പോൾ പണിയരാകട്ടെ അവയെ കൂടുതലായി ആശ്രയിക്കുന്നു. അതുകൊണ്ട് തന്നെ മാറ്റങ്ങളോട് ഇണങ്ങാൻ പണിയർക്ക് സമയവും, പൊരുതലുകളും ആവശ്യമാണെന്നാണ് പ്രാഥമിക നിഗമനങ്ങൾ വ്യക്തമാക്കുന്നത്.

***ബയോഡിവ ഗവേഷണ പദ്ധതി***

വയനാടിന്റെ കാർഷിക ജൈവവൈവിധ്യം, ജില്ലയിൽ ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ എന്നിവ വിവിധ വിജ്ഞാനശാഖകളിലൂടെ അപഗ്രഥിച്ച് അവയെ കാർഷിക -ഗ്രാമീണ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരുടെ സഹായത്തോടെ പ്രായോഗിക ആശയങ്ങളിലേക്ക് കൊണ്ടുവരികയാണ് ബയോഡൈവ പദ്ധതിയുടെ ലക്ഷ്യം. കാർഷിക ജൈവവൈവിധ്യത്തിന്റെ സുസ്ഥിരവും നീതിപൂർവ്വകവുമായ ഉപയോഗത്തിലൂടെയുള്ള സുസ്ഥിര  ഗ്രാമവികസനത്തിനാണ് പഠന പദ്ധതികൾ സഹായകമാവുക. വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ജർമ്മൻ മന്ത്രാലയമാണ് ഈ പദ്ധതിക്ക് വേണ്ടി 2010 മുതൽ 2014 വരെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഈ പഠനം നടക്കുന്നത്.



## കുറുമർ

പാരിസ്ഥിതിക ഇടപെടലുകളിൽ മെച്ചപ്പെട്ട പരിസ്ഥിതിബോധവും മൂല്യങ്ങളും പുലർത്തുന്നവരാണ് കുറുമർ. മനുഷ്യരും മറ്റ് ജീവജാലങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ വന്ന മാറ്റം കുറുമർ മനസ്സിലാക്കുന്ന വിധം രസകരമാണ്. വന്യ ജീവി സംരക്ഷണ നിയമത്തിന്റെ ഫലമായുള്ള നിരോധനങ്ങൾ കൊണ്ടും, കൃഷിയിടത്തിൽ ധാരാളമായി രാസവസ്തുക്കൾ ഉപയോഗിച്ചത് കൊണ്ടും ഭക്ഷ്യാവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ജീവികളുടെ ലഭ്യതകുറഞ്ഞതായി അവർ അനുമാനിക്കുന്നു. ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റാൻ കമ്പോളത്തെ കൂടുതലായി ആശ്രയിക്കുന്നത് കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുകയും ചെയ്തു. മണ്ണിലെ വായു സഞ്ചാരം ഉറപ്പ് വരുത്തുന്ന മണ്ണിരകളും, കൃഷിയിടത്തിലെ കീട നശീകരണം ഉറപ്പ് വരുത്തുന്ന മിത്രകീടങ്ങളും ഇല്ലാതാവുന്നതോടെയുള്ള പ്രശ്നങ്ങളും അവർ മനസ്സിലാക്കുന്നു.

പരിസ്ഥിതി മൂല്യങ്ങളെ സാമ്പത്തിക ഭദ്രതക്കായി അവഗണിക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. കമ്പോള താത്പര്യങ്ങൾക്കനുസരിച്ച് കൃഷി ചെയ്യേണ്ടി വരുമ്പോൾ കടം പെരുകുന്നു. കുടുംബാംഗങ്ങൾ മെച്ചപ്പെട്ട വേതനം തേടി പുറത്ത് പോകുമ്പോൾ കൃഷിയിടത്തിൽ കൂലിക്കാർ വേണ്ടിവരുന്നു.

കൂട്ട് കുടുംബങ്ങൾ അണുകുടുംബങ്ങൾക്കായി വഴിമാറുമ്പോൾ കൈവശഭൂമിയുടെ അളവ് കുറയുന്നു. കൃഷിയിതര മേഖലകളിലുള്ള വർദ്ധിച്ച സാധ്യതകളും ആകർഷണീയതയും മെച്ചപ്പെട്ട പൊതു വിദ്യാഭ്യാസലഭ്യതയും ഉപജീവന മാർഗ്ഗങ്ങളിൽ മാറ്റം വരുത്തി. ദേശീയ തൊഴിലുറപ്പ് പദ്ധതി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയപ്പോൾ അവർ ധനം സ്വരൂപിക്കുകയും മാറ്റങ്ങളോടിണങ്ങാനുള്ള അവരുടെ കാര്യ ശേഷി വർദ്ധിക്കുകയും ചെയ്തു.

## കുറിച്യർ- പ്രതിബദ്ധരായ കർഷകർ

കുറുമരെ പോലെ കുറിച്യരും പാരമ്പര്യ കൃഷിരീതിയിൽ നിന്ന് നൂതന സമ്പ്രദായങ്ങളിലേക്കുള്ള മാറ്റം ഉൾക്കൊള്ളുന്നവരാണ്. കീടങ്ങളെ പ്രതിരോധിക്കാനുള്ള പാരമ്പര്യ നെൽ വിത്തിനങ്ങളുടെ കഴിവ് വിളവെടുപ്പാനന്തരം അവയുണ്ടാക്കുന്ന കുറഞ്ഞ ഗുണക്ഷയം എന്നിവയെക്കുറിച്ച് കുറിച്യർക്ക് നല്ല ധാരണയുണ്ട്. കന്നുകാലികൾക്ക് തീറ്റയായി നൽകാവുന്ന നീളമുള്ള, ഗുണമുള്ള വൈക്കോൽ തരുന്ന വിത്തിനങ്ങൾ കൃഷിചെയ്യുവാനും അവർ ശ്രദ്ധിക്കുന്നു. പക്ഷേ നെൽകൃഷിയിൽ വർദ്ധിച്ചുവരുന്ന മുതൽ മുടക്കും ആകർഷകമല്ലാത്ത കമ്പോള വിലയും പലരും ഒരു പ്രധാന പ്രശ്നമായി കാണുന്നുണ്ട്.

## 3 CORE THEMES

Three main themes play a vital role in ensuring resilience in Wayanad, emerging from of the interdisciplinary synthesis:

### Environment

This term is used in a broad sense, including the land-users' understanding of causes and effects of deforestation, decimation or loss of natural resources and observed changes in climate patterns.

### Agriculture

All farming and agricultural practices such as agronomy of rice cultivation, observation and knowledge about pest species and cultivation practices are taken together.

### Social organisation

The broad theme covers livelihood strategies, income generation activities and opportunities, labour, market dynamics, gender relations and family systems.

## TERMS

**Resilience:**

Is the ability of a system to recover after a disturbance while adapting to changes and maintaining its essential functions.

**Sustainability:**

Sustainability considers long-term consequences on many levels and across many sectors to achieve the conservation of ecosystems and biodiversity and to maintain productive land use systems.

**Interdisciplinarity:**

By involving disciplines from the natural and the social sciences we increase our knowledge at the intersections between disciplines, for example ecology and rural sociology .

**MGNREGA:**

Mahatma Gandhi National Employment Guarantee Act (2005) offers 100 days of employment to poor people.

## ജല സംരക്ഷണവും വനവിഭവങ്ങളും

മെച്ചപ്പെട്ട ജല പരിപാലന മുറകൾ സുസ്ഥിരകൃഷിക്കാവശ്യമാണെന്ന് കുറിച്യർ വിശ്വസിക്കുകയും അവ അനുവർത്തിക്കുകയും ചെയ്യുന്നു. കുറഞ്ഞ് കൊണ്ടിരിക്കുന്ന ജല ലഭ്യതക്കുള്ള കാരണം വനനശീകരണവും ക്രമരഹിതമായ മഴയുമാണെന്നും അവർ അഭിപ്രായപ്പെടുന്നു.
ജല ദൗർലഭ്യം പരമ്പരാഗത കൃഷിരീതികളെയും അതുവഴി കാർഷിക ആവാസവ്യവസ്ഥ നിറവേറ്റുന്ന പാരിസ്ഥിതിക ധർമ്മങ്ങളെയും ബാധിക്കുന്നുവെന്നും അവർ മനസ്സിലാക്കുന്നു. നെൽ വയലുകളുമായി ബന്ധപ്പെട്ട ജൈവവൈവിധ്യ ശോഷണംകാട്ടു മൃഗങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവ ഭക്ഷ്യ വസ്തുക്കളുടെ അനുബന്ധ ശ്രോതസ്സുകൾ ഇല്ലാതാക്കി. വേട്ടയാടൽ നിരോധനം, പ്രകൃതി വിഭവ ശോഷണം എന്നിവ ആചാരാനുഷ്ഠാനങ്ങളെയും ഉപഭോഗ രീതികളെയും സാരമായി ബാധിച്ചതായും അവർ മനസ്സിലാക്കുന്നു.

## പണിയർ : സാമൂഹ്യമായി പാർശ്വവൽക്കരിക്കപ്പെട്ടവർ

കാടുകളായിരുന്നു പണിയരുടെ താവളം. സ്വന്തമായി ഭൂമിയില്ലാത്ത അവരുടെ ഉപ ജീവനമാർഗ്ഗം പ്രകൃതി വിഭവങ്ങളും കൃഷിയിൽ ലഭ്യമായിരുന്ന തൊഴിലുകളുമായിരുന്നു. വനനശീകരണം അവരുടെ ഉപജീവന മാർഗ്ഗത്തെ മാത്രമല്ല, ഭക്ഷ്യോപഭോഗ രീതികളെയും മാറ്റി മറിച്ചു. സാമൂഹ്യമായും, സാമ്പത്തികമായും രാഷ്ട്രീയമായും പാർശ്വവൽക്കരിക്കപ്പെട്ട അവരുടെ മാറുന്ന ചുറ്റ്പാടുകളോട് ഇണങ്ങുവാനുള്ള കാര്യശേഷിയേയും വനനശീകരണം ബാധിച്ചു. ഭക്ഷ്യാവശ്യങ്ങൾക്കായി അവർക്ക് കമ്പോളത്തെ അമിതമായി ആശ്രയിക്കേണ്ടതായി വന്നു. പാരിസ്ഥിത മാറ്റങ്ങൾ അവരുടെ ജീവിതത്തിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കി. നെൽ വയലുകൾ നാണ്യ വിളകൾക്ക് വഴിമാറിയപ്പോൾ തൊഴിൽ സാധ്യതകൾ കുറയുകയാണുണ്ടായത്. നാണ്യ വിള കൃഷിയിൽ വേണ്ടിവരുന്ന അധിക തൊഴിൽ സാധ്യത കുറച്ച് കാലത്തേക്ക് മാത്രമേയുള്ളൂ, നെൽകൃഷിയുമായി താരതമ്യപ്പെടുത്തുമ്പോൾ. പണിയരുടെ അഭിപ്രായത്തിൽ കാലാവസ്ഥ വ്യതിയാനവും വനനശീകരണവും കാർഷിക ആവാസവ്യവസ്ഥയിലെ ജന്തു വൈവിധ്യം ശോഷിപ്പിച്ചു. കീടബാധ വർധിച്ചു. അത്യുൽപ്പാദനശേഷി കൂടിയ വിത്തിനങ്ങൾ വേഗം കീട ബാധകൾക്കടിപ്പെട്ടു. ഉപയോഗ രീതികളെക്കുറിച്ച് ശരിയായ അവബോധമില്ലാതെയുള്ള രാസകീടനാശിനികളുടെ പ്രയോഗം ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കി, തൊഴിൽ ശേഷിയെ പ്രതികൂലമായി ബാധിച്ചു.



## പഠന നിഗമനങ്ങൾ

മൂന്ന് ആദിവാസി വിഭാഗങ്ങളേയും, താരതമ്യപ്പെടുത്തുമ്പോൾ വ്യക്തമാകുന്നത്, സ്വന്തമായി ഭൂമി കൈവശമുള്ളതു കൊണ്ടു തന്നെ കുറുമർ, കുറിച്യർ എന്നിവർക്ക് കൃഷിയുടെ കാര്യത്തിൽ സ്വന്തമായി തീരുമാനങ്ങളെടുക്കാൻ കഴിയുന്നു എന്നതാണ്. കൂടാതെ അവർക്ക് ഗാർഹികാവശ്യങ്ങൾക്കായി നെല്ല് സ്വന്തമായി കൃഷി ചെയ്യാൻ കഴിയുന്നതു കൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുവാൻ കഴിയും. പക്ഷേ, ഭൂരഹിതരായ പണിയർക്ക് മാറികൊണ്ടിരിക്കുന്ന ഭൂവിനിയോഗ രീതികളെ അഭിമുഖീകരിക്കേ വരികയും പ്രതിസന്ധികളെ നേരിടാനുള്ള കഴിവ് ഇല്ലാതെ വരികയും ചെയ്യുന്നു. പാരിസ്ഥിതിക ചെറുത്തുനിൽപ്പിനുള്ള ശക്തിയെകുറിച്ച് പരിശോധിക്കുമ്പോഴുള്ള പ്രധാന പ്രശ്നം വനനശീകരണമാണ്. അത് ജലശോഷണവുമായും, താപവർദ്ധനയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ദൈനംദിനജീവിതത്തേയും കൃഷിയേയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. വനനശീകരണം മൂലം സംഭവിക്കുന്ന ചുറ്റുപാടുകളിലെ വൈവിധ്യ നഷ്ടം പണിയ സമുദായത്തെ സ്ഥാനഭ്രംശത്തിന് നിർബന്ധിതരാക്കുന്നു.

ചുറ്റുപാടുകളിലെ മാറ്റങ്ങൾക്കനുസരിച്ച് സ്വയം ശ്രമപ്പെടുത്താനും, പാരിസ്ഥിതിക മാറ്റങ്ങളുണ്ടാക്കുന്ന അനിശ്ചിതത്വത്തെ നേരിടാനുമുള്ള കഴിവ് കുറുമർക്കും, കുറിച്യർക്കും കൂടുതലാണ്. സർക്കാർ നിയമങ്ങളും നിബന്ധനകളും, ഗ്രാമീണ വികസന പരിപാടികളുമൊക്കെ എല്ലാ ആദിവാസികളേയും, സാമൂഹ്യപരമായി ബാധിക്കുന്ന ബാഹ്യഘടകങ്ങളാണ്. സാധനങ്ങളിൽ നിന്ന് നാണയ വിനിയമ സമ്പ്രദായത്തിലേക്കുള്ള മാറ്റം പണിയരുടെ സാമൂഹ്യഘടനയെ സാരമായി ബാധിച്ചിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും, രാഷ്ട്രീയമായും സമൂഹത്തിൽ അന്യവത്കരിക്കപ്പെട്ട പണിയർക്കു സ്വയം സന്നദ്ധമാകാനുള്ള അവസരങ്ങൾ പരിമിതപ്പെട്ടതു കൊണ്ട് ചെറുത്തുനിൽപ്പിനുള്ള ശേഷി വളരെ കുറവാണ്.

ഈ പഠനം മുഖ്യമായും, ഊന്നുന്നത് എങ്ങിനെ ആന്തരികവും, ബാഹ്യവുമായ ഘടകങ്ങൾ ഒരോ ആദിവാസി വിഭാഗത്തിന്റെയും സാമൂഹ്യവും, പാരിസ്ഥിതികവുമായ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്ന് മാത്രമല്ല, എങ്ങിനെ സാമൂഹ്യവും പാരിസ്ഥിതികവുമായ പിൻമാറ്റശേഷി വളർത്തുന്നതിനെ, തളർത്തുന്നുവെന്നുമാണ്. ഭൂമി സ്വന്തമായുള്ള കുറുമർ, കുറിച്യർ എന്നിവരുമായി ഭൂരഹിതരായ പണിയരുമായുള്ള താരതമ്യപഠനത്തിലൂടെ വ്യക്തമാകുന്നത്, ധ്രുതഗതിയിലുള്ള സാമൂഹ്യ-പാരിസ്ഥിതിക, സാമ്പത്തിക മാറ്റങ്ങൾക്കിടയിൽ, പ്രശ്നങ്ങളെ ലഘൂകരിക്കാനും, ചെറുത്തുനിൽപ്പിനുള്ള ശേഷി വളർത്തുന്നതിൽ ഭൂവിഭവങ്ങൾക്കും, സാമൂഹ്യഘടനക്കും വലിയ പങ്കുണ്ട് എന്നതാണ്.



## Results

⇒ External and internal factors influence the social and ecological functions of each Adivasi community and affect their potential to build social-ecological resilience.

⇒ Land-based resources as well as social organisation play a role in resilience and risk mitigation in times of rapid social, ecological and economic change.

⇒ The adaptive capacity to live with changes and uncertainty associated with environmental change is high amongst Kuruma and Kurichya.

⇒ The shift from kind to cash economy disturbs Paniya’s social functions and organization, which results in a low resilience potential.

Contact: Dr. Silvia Werner, email: werner@umwelt.uni-hannover-de
Phone +49 (0)511-762 19540
www.biodiva.uni-hannover.de

Authors: Hannah Arpke, Isabelle Kunze, Lydia Betz, Prajeesh Parameswaran, Suma T.R. and Martina Padmanabhan

Photos: BioDIVA

Hannover, January 2013

Research Group BioDIVA
Prof. Martina Padmanabhan
Institute of Environmental Planning
Leibniz University Hannover
Herrenhäuser Str. 2
30419 Hannover
Germany